ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന പ്രാരംഭ വിജ്ഞാപനം

നം.സി- 1091/17

സ്ഥലം: കുണ്ടറ

തീയതി: 27.07.2019

വിജ്ഞാപനം

2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിലും പുനഃ സ്ഥാപനത്തിനുമുള്ള അവകാശ ആക്ടും ചട്ടങ്ങളും അനുസരിച്ച് ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിന് 29.06.2017 എൽ.എ.6- 26205/17-ാം നമ്പർ ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് എൽ.എ.നമ്പർ 2, കൊല്ലം, കുണ്ടറ, സ്പെഷ്യൽ തഹസീൽദാരെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാലും;

പ്രസ്തുത പൊന്നുംവില നടപടികളുടെ ഭാഗമായി പുനരധിവാസത്തിനും പുനഃ സ്ഥാപനത്തിനും വേണ്ടി ഗവൺമെന്റ് കൊല്ലം. ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറെ നിയമിച്ചിരിക്കുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ പറയുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ഞാങ്കടവ് കുടിവെള്ളപദ്ധതിയ്ക്ക് വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, തന്മൂലം ബന്ധപ്പെട്ട എല്ലാവർക്കും 2013 ലെ പുനരധിവാസത്തിനും, പുനഃ സ്ഥാപനത്തിനുമുള്ള അവകാശ ആക്ടും ചട്ടങ്ങളും 11(1) പ്രകാരമുള്ള വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നല്കുകയും ചെയ്യുന്നു.

ഇക്കാര്യത്തിൽ താല്പര്യപ്പെട്ട കക്ഷികൾക്ക് വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ അവരുടെ തടസ്സങ്ങൾ എഴുതിയ പ്രസ്താവന ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ നമ്പർ 2, കൊല്ലം, കുണ്ടറ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന ആക്ഷേപങ്ങളും പ്രസ്താവനകളും പൊന്നും വില നടപടികൾക്ക് എതിരെയുള്ള തടസ്സവാദങ്ങൾ എന്താണെന്ന് വ്യക്തമായി വിശദീകരിക്കാത്ത ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതാണ്.

സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ സംക്ഷിപ്തം താഴെ പ്രതിപാദിക്കുന്നു. ആയത് ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

<u>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം</u>

ഞാങ്കടവ് കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം കൊട്ടാരക്കര താലൂക്കിൽ പുത്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 1 ൽ റീസർവെ 109/2 ൽ പ്പെട്ട 06.07 ആർസ് വസ്തു കൊട്ടാരക്കര കിഴക്കേകര മുറിയിൽ അയോദ്ധ്യയിൽ ശ്രീമതി. വിജയകുമാരി പേരിൽ ഉള്ളതാണ്. ഈ ഭൂമി ഏറ്റെടുക്കുന്നതിലെ വിമുഖത ടി കക്ഷി എഴുതി നൽകിയിട്ടുണ്ടെങ്കിലും പകരം ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. പവിത്രേശ്വരം പഞ്ചായത്തിൽ അന്വേഷണം നടത്തിയതിൽ ഇതിലും അനുയോജ്യമായ മറ്റു സ്ഥലം ലഭ്യമല്ലെന്നും ഈ പദ്ധതി വരുന്നതിൽ പരിസരവാസികൾക്ക് പ്രത്യേക എതിർപ്പുകൾ ഇല്ലെന്നും കണ്ടെത്തി. ഈ സ്ഥലം ഏറ്റെടുക്കുന്നതു മൂലം മറ്റു പാരിസ്ഥിതിക പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകാനിടയില്ലെന്നും തൊഴിലിനോ വരുമാനത്തിനോ യാതൊരുവിധ നഷ്ടവും ഉണ്ടാകുന്നതല്ല

എന്നും കണ്ടെത്തിയിട്ടുണ്ട്. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപത്ത് വീടുകൾ ഇല്ല. ഭൂ ഉടമകൾ പ്രസ്തുത സ്ഥലത്ത് താമസമില്ലാത്തതിനാൽ സ്ഥലമേറ്റെടുപ്പ് അവരുടെ ജീവിത നിലവാരത്തെ ബാധിക്കുന്നതല്ല. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയത് എസ്.ഐ.എ യൂണിറ്റ് 2, ഐഡിയൽ കൺസൾട്ടൻസി ആണ്.

പട്ടിക

ജില്ല: കൊല്ലം
താലൂക്ക്: കൊട്ടാരക്കര

വില്ലേജ്: പൂത്തൂർ
ബ്ലോക്ക്: 1

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നം | സർവെ നമ്പർ | തരം | വിസ്തീർണ്ണം ഹെക്ടറിൽ | പൊതു ഉദ്ദേശത്തിന്റെ സ്വഭാവം | ബന്ധപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥരുടെ പേര്/ബന്ധപ്പെട്ട കക്ഷികൾ |
|---|---|---|---|---|---|---|
| 1 | 109/2 | പുരയിടം | 0.0607 | ഞാങ്കടവ് കുടിവെള്ള പദ്ധതി | പ്രസ്തുത സ്ഥലത്ത് കുടുംബങ്ങൾ താമസമില്ല | വിജയകുമാരി അയോദ്ധ്യ, കിഴക്കേക്കര മുറി, കൊട്ടാരക്കര |

സ്പെഷ്യൽ തഹസീൽദാർ
എൽ.എ. നം.2, കൊല്ലം, കുണ്ടറ

FORM No.7

[ See rule 18(1)]

## FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB SECTION(1) OF SECTION II

## NOTIFICATION

No.C. 1091/17 Dated: 27.07.2019

Place: Kundara

WHEREAS, the Government of Kerala have as per order No. LA6- 26205/17 dated 29.06.2017 appointed the Special Tahsildar, LA No. 2, Kollam, Kundara to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013.

AND WHEREAS, the Government hereby appoint Deputy Collector (LA), Kollam as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for the Njankadavu Water Supply Scheme.

Now, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge before the Special Tahsildar, LA No. 2, Kollam, Kundara within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is available in the Official website of the District Collector, Kollam

SCHEDULE

District : Kollam
Taluk : Kottarakkara

Village: Puthoor
Block : 1

(The extent given is approximate)

| Serial No | Survey No | Description | Extent H.Are Sq.Meter | Nature of Public purpose | Reasons for displacement of affected families | Name of owners/ interested person |
|---|---|---|---|---|---|---|
| 1 | 109/2 | Purayidam | 0.0607 | Njankadavu Water Supply Scheme | Nil | Vijayakumari Ayodhya KIzhakkekara Muri Kottarakkara |

Special Tahsildar
LA No. II, Kollam, Kundara